PH. 8078920247
malayalammissionkerala01@gmail.com
malayalammission@kerala.gov.in

എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

# ലോകകേരളസഭയോടനുബന്ധിച്ച് മലയാളം മിഷൻ സംഘടിപ്പിക്കുന്ന സാഹിത്യ മത്സരങ്ങൾ

2020 ജനുവരി ആദ്യവാരം നടത്തുന്ന ലോക കേരള സഭയുടെ ഭാഗമായി പ്രവാസി വിദ്യാർഥികൾക്കായി ആഗോളതലത്തിൽ സംഘടിപ്പിക്കുന്ന മത്സരങ്ങളുടെ നിബന്ധനകൾ താഴെ കൊടുക്കുന്നു.

## മലയാളം മിഷൻ സംഘടിപ്പിക്കുന്ന സാംസ്കാരിക/ഭാഷാ പരിപാടികൾ

1) ചെറുകഥ, നാടകം, ലേഖനം, കവിത

1. താഴെപ്പറയുന്ന ആറ് മേഖലകളിലായി (റീജിയണുകൾ) മത്സരങ്ങൾ നടത്തുന്നതാണ്.

    1) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും

    2) പടിഞ്ഞാറൻ ഏഷ്യ

    3) ഏഷ്യയിലെ ഇതര രാജ്യങ്ങൾ

    4) യൂറോപ്പും അമേരിക്കൻ വൻകരകളും

    5) ഇതര ലോകരാജ്യങ്ങളും പ്രദേശങ്ങളും

    6) അകം കേരളം (പ്രവാസികൾ മാതാപിതാക്കളായ വിദ്യാർഥികളായിരിക്കും മത്സരാർഥികൾ)

2. മത്സരങ്ങൾ മൂപ്പുമുറയനുസരിച്ച് സബ് ജൂനിയർ (8 മുതൽ 12 വയസുവരെ), ജൂനിയർ (13 മുതൽ 18 വരെ), സീനിയർ (19 മുതൽ) വിഭാഗങ്ങളിലായി നടത്തും.

3. രചനകൾ നേരിട്ട് mmlokakeralasabha@gmail.com എന്ന ഇ-മെയിൽ ഐ.ഡി.യിൽ അയയ്ക്കാം. 2019 ഡിസംബർ 15-നകം രചനകൾ ലഭിച്ചിരിക്കണം.

4. ആഗോളതലത്തിലായിരിക്കും മത്സരങ്ങൾ നടത്തുക. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കൂടാതെ ഓരോ മേഖലകളിലെയും ഏറ്റവും മികച്ച ഒരു മത്സരാർഥിക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും സമ്മാനമായി നൽകും.

5. മത്സരങ്ങളുടെ വിഷയങ്ങൾ:

*സബ്ജൂനിയർ വിഭാഗം:*

ചെറുകഥ, കവിത (വിഷയം: യഥേഷ്ടം തെരഞ്ഞെടുക്കാം)

*ജൂനിയർ വിഭാഗം:*

ചെറുകഥ: **വീട്ടിലേക്ക്**

കവിത: **നാട്ടുപച്ച**

ലേഖനം: **നാളത്തെ ലോകം, എന്റെ സ്വപ്നം**

*സീനിയർ വിഭാഗം:*

കഥ: **തിരിച്ചുവരവ്**

കവിത: **ആകാശത്തോളം**

ലേഖനം: **ദേശം, ദേശീയത, മാനവീകത**

നാടകം: **അവൾ എന്തോ പറയുന്നുണ്ടായിരുന്നു.**

*(സ്വന്തമായി തയാറാക്കിയ സ്ക്രിപ്റ്റ് ആണ് മത്സരത്തിന് അയക്കേണ്ടത്)*

6. പ്രായം തെളിയിക്കുന്ന ഏതെങ്കിലും സാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ട താണ്.

7. സമ്മാനങ്ങൾ:

ആഗോളതലത്തിൽ വിജയികളാകുന്നവർക്ക് ഓരോ ഇനത്തിലും യഥാ ക്രമം 3000/-, 2000/-, 1000/- രൂപയും സർട്ടിഫിക്കറ്റും സമ്മാനമായി നൽകു ന്നതാണ്. കൂടാതെ ഓരോ മേഖലയിൽനിന്നും ഓരോ ഇനത്തിലെയും ഏറ്റവും മികച്ച മത്സരാർഥിക്ക് 2000/- രൂപയും സർട്ടിഫിക്കറ്റും സമ്മാന മായി നൽകുന്നതാണ്.

വിശ്വസ്തതയോടെ,

പ്രൊഫ. സുജ സൂസൻ ജോർജ്ജ്
ഡയറക്ടർ